**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1823 **05.10.2016**-ലെ മറുപടിക്ക്

<u>ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ ക്ഷേമം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിതരായ പട്ടികജാതിക്കാരുടെ കണക്ക് ലഭ്യമാക്കാമോ; പട്ടികവർഗ്ഗക്കാർക്കും പട്ടികജാതിക്കാർക്കും ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | സംസ്ഥാനത്ത് ഭൂരഹിതരായ 30698 പട്ടികജാതിക്കാർ ഉണ്ട്. ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിന് വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം താഴെപ്പറയുന്ന നിരക്കിൽ ധനസഹായം അനുവദിച്ച് വരുന്നു. |

| ഏര്യ | ഭൂമിയുടെ അളവ് | അനുവദിക്കുന്ന തുക (സെന്റൊന്നിന്) | ആകെത്തുക (രൂപ) |
|---|---|---|---|
| ഗ്രാമപ്രദേശം | 5 സെന്റ് | 75000/- | 3.75 ലക്ഷം |
| മുൻസിപ്പാലിറ്റി | 3 സെന്റ് | 1.5 ലക്ഷം | 4.50 ലക്ഷം |
| കോർപ്പറേഷൻ | 3 സെന്റ് | 2 ലക്ഷം | 6.00 ലക്ഷം |

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് 10/- ലക്ഷം രൂപ ചെലവിൽ 25 സെന്റ് മുതൽ 1 ഏക്കർ വരെ ഭൂമി വാങ്ങി നൽകുന്നുണ്ട്. കൂടാതെ ആദിവാസി പുനരധിവാസ വികസന മിഷൻ പദ്ധതി, വനാവകാശനിയമം 2006 എന്നീ പദ്ധതികളും നിലവിലുണ്ട്. മേൽ പദ്ധതികൾ തുടരുന്നതാണ്

സെക്ഷൻ ഓഫീസർ